**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 845** **12-06-2024 - ൽ മറുപടിയ്ക്ക്**

**അരൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | 2021 മുതൽ അരൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം അനുവദിച്ച കോളനികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (എ) | ഉളവയ്പ്പ് അംബേദ്കർ കോളനി (2021-22), ഇളയപാടം ലക്ഷംവീട് കോളനി (2021-22), ചുട്ടുകാട്ടുപുറം കോളനി (2023-24) എന്നീ മൂന്ന് കോളനികളെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത കോളനികളിൽ പ്രവൃത്തികൾ നടത്തുന്ന ഏജൻസികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | ഉളവയ്പ്പ് അംബേദ്കർ കോളനി , ഇളയപാടം ലക്ഷംവീട് കോളനി എന്നിവയുടെ നിർമ്മാണ ചുമതല ജില്ലാ നിർമ്മിതി കേന്ദ്രത്തിനാണ്. ചുട്ടുകാട്ടുപുറം കോളനിയുടെ നിർമ്മാണ ചുമതല തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിനാണ്. |
| (സി) | പ്രസ്തുത കോളനികളിലെ പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തീകരിച്ചെന്ന് വ്യക്തമാക്കാമോ; പൂർത്തീകരിച്ചിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ; | (സി) | ഉളവയ്പ്പ് അംബേദ്കർ കോളനി - റോഡിന്റേയും സംരക്ഷണ ഭിത്തി നിർമ്മാണത്തിന്റേയും മണ്ണിട്ട് ഉയർത്തൽ പൂർത്തീകരിച്ചിട്ടുണ്ട്. സ്ലൂയിസ് കവർ സ്ലാബ്, ബോക്സ് കൾവെർട്ട് എന്നീ പ്രവർത്തികളാണ് ശേഷിക്കുന്നത്. ഇളയപാടം ലക്ഷംവീട് കോളനി - ഒരു റോഡിന്റെ സംരക്ഷണഭിത്തി, ഫുട്ട്പാത്ത്, റോഡ്, കൾവെർട്ട് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. സ്ലൂയിസ് കൾവെർട്ട്, സംരക്ഷണഭിത്തി നിർമ്മാണം, റോഡ് നിർമ്മാണം എന്നീ പ്രവർത്തികൾ ശേഷിക്കുന്നു.ഈ രണ്ടു കോളനികളുടേയും ശേഷിക്കുന്ന പ്രവർത്തികൾക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് ആവശ്യമായതിനാലാണ് പദ്ധതി പൂർത്തീകരണം വൈകുന്നത്. |
| (ഡി) | 2023-ൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി തൈക്കാട്ടുശ്ശേരി പഞ്ചായത്തിലെ ചുട്ടുകാട്ടുപുറം കോളനിയുടെ നിർമ്മാണ ചുമതല സിൽക്ക് കണ്ണൂർ എന്ന സ്ഥാപനത്തെ ഏല്പിക്കണമെന്ന നിർദേശത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ഡി) | റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ